12907
8/12/20

"ഭരണഭാഷ മാതൃഭാഷ"

**കേരള സർക്കാർ**

നം. സാനിവ-ബി1/63/2020/സാനീവ

സാമൂഹ്യ നീതി (ബി) വകുപ്പ്
തിരുവനന്തപുരം, തീയതി: 30.11.2020

<u>സർക്കുലർ</u>

വിഷയം: സാമൂഹ്യ നീതി വകുപ്പ് - അങ്കണവാടികളിൽ ഭക്ഷ്യവസ്തുക്കൾ വിതരണം കോഴിക്കോട് ജില്ലയിലെ കുടുംബശ്രീ യൂണിറ്റായ സൂര്യസംഭരണ വിതരണ കേന്ദ്രം ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്

സൂചന: 1. സാമൂഹ്യനീതി വകുപ്പിന്റെ 06.08.2019 ലെ സാനിവ-ബി1/493/2019-സാനിവ നമ്പർ ഭേദഗതി സർക്കുലർ.

2. സൂര്യസംഭരണ വിതരണ കേന്ദ്രം പ്രസിഡന്റ് സമർപ്പിച്ച അപേക്ഷ.

3. വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ 06.04.2020 ലെ ഐസിഡിഎസ് ബി3/27975/19 നമ്പർ കത്ത്.

അങ്കണവാടികൾക്ക് ആവശ്യമായ ഭക്ഷ്യ വസ്തുക്കൾ വിതരണം ചെയ്യുന്നതിനായി സൂചന (1) പ്രകാരം കുടുംബശ്രീ യൂണിറ്റുകൾക്കുകൂടി അനുമതി നൽകി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടായി പ്രസ്തുത സർക്കുലറിൽ കുടുംബശ്രീ യൂണിറ്റായ സൂര്യ സംഭരണ വിതരണ കേന്ദ്രം ഉൾപ്പെട്ടിട്ടില്ല എന്നും അങ്കണവാടികൾക്ക് ആവശ്യമായ ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യുന്നതിനായി ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ യൂണിറ്റായ സൂര്യ സംഭരണ വിതരണ കേന്ദ്രത്തെക്കൂടി ഉൾപ്പെടുത്തണമെന്ന് സൂചന (2) പ്രകാരം സൂര്യ സംഭരണ വിതരണ കേന്ദ്രം പ്രസിഡന്റ് അഭ്യർത്ഥിച്ചിരിക്കുന്നു.

(2) കോഴിക്കോട് ജില്ലയിലെ സൂര്യസംഭരണ വിതരണ കേന്ദ്രം ഒരു കുടുംബശ്രീ യൂണിറ്റാണെന്നും. ടി സ്ഥാപനം 15 വർഷമായി ഒളവണ്ണ പഞ്ചായത്തിലെ അങ്കണവാടികൾക്ക് ആവശ്യമായ ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യുന്നതായും. ടി സ്ഥാപനത്തിനെ അങ്കണവാടികളിൽ ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യുന്നതിനായി ഉൾപ്പെടുത്താവുന്നതാണെന്ന് കുടുംബശ്രീ ഡയറക്ടർ അറിയിച്ചതായും ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് പരാമർശം (3) കത്ത് പ്രകാരം വനിത ശിശു വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ലെ നിബന്ധനകൾക്ക് വിധേയമായി, അംഗനവാടികളിൽ ഭക്ഷ്യവസ്തുക്കൾ വിതരണം നടത്തുന്നതിന് കോഴിക്കോട് ജില്ലയിലെ കുടുംബശ്രീ യൂണിറ്റായ സൂര്യ സംഭരണ വിതരണ കേന്ദ്രത്തിനും അനുമതി നൽകി ഉത്തരവാകുന്നു.

ബിജു പ്രഭാകർ
സെക്രട്ടറി

ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ, തിരുവനന്തപുരം.
എല്ലാ ജില്ലാ ശിശു വികസന പദ്ധതി സൂപ്പർവൈസർമാർക്കും (വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ മുഖാന്തിരം)
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
തദ്ദേശ സ്വയം ഭരണ വകുപ്പ്
ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ്
മാനേജിംഗ് ഡയറക്ടർ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Seena

സെക്ഷൻ ഓഫീസർ